(ബി) ദീർഘകാലമായി കായലിനോട് ചേർന്ന് നില്ക്കുന്ന ആശുപത്രികളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും പോലുള്ള സർക്കാർ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനവും പുതിയ വാർഡുകളുടെ നിർമ്മാണവുമെല്ലാം ഈ നിയമംമൂലം തടസ്സപ്പെടുമെന്നിരിക്കേ ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിക്കാവുന്ന ഈ വിഷയത്തിൽ എന്തു പരിഹാര നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളെയും ആരോഗ്യ കേന്ദ്രങ്ങളെയും മറ്റ് സർക്കാർ സ്ഥാപനങ്ങളെയും പ്രസ്തുത നിയമംമൂലമുള്ള വികസന പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരദേശ മേഖലയായി വിജ്ഞാപനം ചെയ്ത സ്ഥലങ്ങളിൽ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ പൊളിച്ചുനീക്കലും പുനർനിർമ്മാണവും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടെ മാത്രമേ സാധിക്കുകയുള്ളൂ. ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് കേരളം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനത്തിലെ 4 (ii) I എന്ന ഖണ്ഡികയിലെ വ്യവസ്ഥകൾ പുനഃപരിശോധിച്ച് അനുമതി നൽകുന്നത് സംസ്ഥാന തീരദേശപരിപാലന അതോറിറ്റിക്ക് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തീരപ്രദേശങ്ങളിൽ ഉണ്ടായ തീക്കാറ്റ്

53 (2869) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ ശക്തമായ കാലവർഷത്തോടൊപ്പം തീക്കാറ്റ് അടിക്കുകയും വൃക്ഷങ്ങളും മറ്റും ഉണങ്ങുകയും ചെയ്തതായ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എന്തുകൊണ്ടാണ് ഇത് സംഭവിച്ചതെന്ന് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ തീരമേഖലയിൽ ഉണ്ടായ പ്രതിഭാസത്തെക്കുറിച്ച് കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം, തൃശ്ശൂരിലെ കെ.എഫ്.ആർ.ഐ. എന്നീ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ട്. അവരുടെ നിഗമനങ്ങളും അതുപോലെ മറ്റ് സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളും പരിശോധിച്ച് വരികയാണ്.

എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ്

54 (2870) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഇതുവരെ നിയമനം നൽകി ; വിവിധ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് 27-1-2011-നാണ് നിലവിൽ വന്നത്. പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 26-7-2015-ന് അവസാനിക്കും.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 40 പേർക്ക് നിയമനം നൽകി. വിഭാഗങ്ങൾ തിരിച്ച കണക്ക് താഴെ ചേർക്കുന്നു.

ജനറൽ	5
ഈഴവ	11
പട്ടികജാതി	5
മുസ്ലീം	6
ഒ.ബി.സി.	8
എസ്.യു.സി.ഐ. നാടാർ	2
വിശ്വകർമ്മ	2
എൽ.സി.	1
ആകെ	40

LIBRARY ARCHIVES Kerala Legislative Assembly